(ബി) അപേക്ഷ നിരസിക്കപ്പെട്ടവർക്ക് പ്രത്യേക പരീക്ഷ നടത്തുന്നതിനുപകരം എല്ലാവർക്കും പങ്കെടുക്കാവുന്ന ഒരു പൊതുപരീക്ഷ നടത്തുന്നതിനുവേണ്ടി ബോർഡിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) സർക്കാരിനു ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

45 (333) ഗസറ്റഡ് ഓഫീസർമാരുടെ തൊഴിൽ നികുതി

ശ്രീ. പി.ടി. കുഞ്ഞി മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗസറ്റഡ് ഓഫീസേഴ്സിന്റെ ശമ്പളത്തിൽനിന്നും അവർ അടയ്ക്കേണ്ട തൊഴിൽ നികുതി നേരിട്ട് പിടിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

നേരിട്ട് ശമ്പളം എഴുതി എടുക്കുന്നവർക്ക് തൊഴിൽ നികുതിയുടെ കാര്യത്തിൽ മാത്രം ഒരു പ്രത്യേക സമ്പ്രദായം കൊണ്ടുവരാൻ കഴിയുകയില്ല.

46 (334) വനം കയ്യേറ്റവും നശീകരണവും തടയാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കയ്യേറ്റവും വന നശീകരണവും തടയുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വനഭൂമി മുഴുവൻ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരത്തക്കവിധം ഈ നിയമങ്ങൾ കർശനമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വനം കയ്യേറ്റവും നശീകരണവും ബന്ധപ്പെട്ട കോടതി കേസ്സുകൾ ഉണ്ടാകുമ്പോൾ ഉദ്യോഗസ്ഥൻമാർ വേണ്ടത്ര ജാഗ്രത പാലിക്കാറില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാൻ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വനപ്രദേശങ്ങളിൽ വ്യാപകമായ വനം കയ്യേറ്റവും നശീകരണവും തടയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനനശീകരണ പ്രവർത്തനങ്ങളായി ഒറ്റപ്പെട്ട മരംമുറി, വന്യജീവി വേട്ട എന്നിവയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കയ്യേറ്റശ്രമങ്ങൾ കണ്ടെത്തിയാൽ ഉടനടി തടയുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും കയ്യേറ്റക്കാരുടെ പേരിലും വനം നശീകരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പേരിലും ഫോറസ്റ്റ് ആക്ട് പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടി നടത്തിവരുകയും ചെയ്യുന്നു. കൂടാതെ വനം കയ്യേറ്റം, വന നശീകരണം എന്നിവ തടയുന്നതിനായി താഴെപറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. വനാതിർത്തികൾ അടയാളപ്പെടുത്തി സ്ഥിരം ജണ്ടകളും കയ്യാലകളും നിർമ്മിച്ചിട്ടുണ്ട്.

2 വനം വകുപ്പ് സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് കൂടുതൽ വാഹനം, വയർലെസ് സെറ്റുകൾ, ആയുധം തുടങ്ങിയവ നൽകിയിട്ടുണ്ട്.

3. കുറ്റവാളികൾക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ കേരള വന നിയമത്തിൽഭേദഗതി വരുത്തി ഏറ്റവും കുറഞ്ഞ തടവ് ഒരു വർഷം (പരമാവധി അഞ്ച് വർഷം)മായും, പിഴ 1000 രൂപയായും (പരമാവധി 5000 രൂപ) യായും വർദ്ധിപ്പിച്ചു.

4. വനം സംരക്ഷണം ഊർജ്ജിതപ്പെടുത്താൻ പട്രോളിംഗ് ശക്തമാക്കി.

5. വനം കേസ്സുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനുവേണ്ടി മൂന്ന് പ്രത്യേക കോടതികൾ പുനലൂർ, മഞ്ചേരി, തൊടുപുഴ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

6. വനം സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകാതെ പ്രത്യേകം ശ്രദ്ധിക്കാൻ ബന്ധപ്പെട്ട വനം ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

7. വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് '89' ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചു.

(സി) ഉണ്ട്. സംസ്ഥാനത്തെ അന്യാധീനപ്പെട്ട ജൈവവൈവിധ്യം നിലനിൽക്കുന്നതും പരിസ്ഥിതി പ്രാധാന്യമുള്ളതുമായ വനഭൂമി വീണ്ടെടുക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതിന്റെ ഭാഗമായി കോടതിവിധി മാനിച്ച് സ്വകാര്യ വ്യക്തികൾക്ക് തിരികെ കൊടുക്കേണ്ടിവന്ന നിബിഡ വനഭൂമി ഏറ്റെടുക്കാനായി കേരള ഫോറസ്റ്റ് (മാനേജ്മെന്റ് ഓഫ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ആന്റ് സ്കേപ്സ് ആന്റ് എൻവയോൺമെന്റലി സെൻസിറ്റീവ് ഏരിയാസ്) എന്നൊരു നിയമം കൊണ്ടുവന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly